പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാചോദ്യം നം. *674

04/04/2018 ൽ
മറുപടിക്ക്

## കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.അടൂർ പ്രകാശ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.കെ.സി.ജോസഫ്

ഉത്തരം

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാപ്പക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള നാൽപത് ഫാക്ടറികളും സ്വകാര്യമേഖലയിലുള്ള എഴുന്നൂറോളം ഫാക്ടറികളും അടഞ്ഞ് കിടക്കുന്നത് മൂലമുള്ള ഗുരുതരമായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സീസണൽ വ്യവസായമായതിനാൽ കാഷ്യൂ ഫാക്ടറികൾ 365 ദിവസവും പ്രവർത്തിക്കാറില്ല. എന്നാൽ സീസൺ ആരംഭിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അടഞ്ഞുകിടക്കുന്ന ഭൂരിപക്ഷം ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. കടക്കെണി മൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തി വരുന്നു. 2018 മെയ് മാസത്തോടുകൂടി പൂട്ടിക്കിടക്കുന്ന ചെറുകിട സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. തോട്ടണ്ടി ദൗർലഭ്യം കാരണം പ്രവർത്തിപ്പിക്കാൻ ബുദ്ധിമുട്ടുന്ന സ്വകാര്യ ഫാക്ടറികളും സീസൺ ആരംഭിക്കുന്ന തോടുകൂടി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.<br>ആഭ്യന്തരമായി ലഭ്യമാകുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് കേരള കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ശ്രമമാരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി ലഭ്യമാക്കി അവയുടെ ഫാക്ടറികൾ ഏപ്രിൽ മാസത്തോടെ പ്രവർത്തനം പുനരാരംഭിക്കാനാകുമെന്നു കരുതുന്നു. |
| (ബി) | തൊണ്ണൂറ് ശതമാനവും സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ തൊഴിലാളികൾ പട്ടിണി മൂലം ബുദ്ധിമുട്ടുമ്പോഴും ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് ആശ്വാസം എത്തിക്കുന്നതിനും സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | |

| | | | |
|---|---|---|---|
| (സി) | കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്ഥാപിതമായ കാഷ്യു ബോർഡ് തോട്ടണ്ടി സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (സി) | കേരള കാഷ്യൂബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് തലത്തിൽ നേരിട്ട് കശുവണ്ടി സംഭരിക്കുന്നതിന് സാധ്യത ഇല്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി സാധ്യമാക്കുന്നതിനായി കേരള കാഷ്യൂബോർഡ് Expression of Interest ക്ഷണിച്ചിട്ടുണ്ട്. ടാൻസാനിയായിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിന് അവിടെ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനും കാഷ്യൂ ബോർഡ് ശ്രമിച്ചു വരികയാണ്. |
| (ഡി) | ആഫ്രിക്കൻ രാജ്യങ്ങളിലെ സീസൺ നോക്കി തോട്ടണ്ടി സംഭരിക്കുവാൻ കാഷ്യൂ ബോർഡിനെ സജ്ജമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) | കാഷ്യൂനട്ട് ബോർഡ് ഓഫ് ടാൻസാനിയ ഓരോ വർഷവും സെപ്റ്റംബർ മുതൽ കശുവണ്ടിയുടെ ലേലം നടത്തുന്നുണ്ട്. ഈ ലേലത്തിൽ നേരിട്ട് പങ്കെടുക്കുന്നതിനായി ടാൻസാനിയയിൽ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ